വിവരാവകാശം-2005

നം. ഒസിബി 1-751/17

3295/17

ഓർഫനേജ് കൺട്രോൾ ബോർഡ് കാര്യാലയം,
വികാസ്ഭവൻ, 3rd Floor,
തിരുവനന്തപുരം,
തീയതി: 14/06/2017

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,

ജില്ലാ സാമൂഹ്യനീതി ഓഫീസർ
തിരുവനന്തപുരം.

സർ,

വിഷയം:- സാമൂഹ്യനീതി വകുപ്പ്:- ഓർഫനേജ് കൺട്രോൾ ബോർഡ്:- വിവരാവകാശ നിയമം 2005- പ്രകാരമുള്ള ചോദ്യത്തിനുള്ള മറുപടി- സംബന്ധിച്ച്.

സൂചന:- ശ്രീ. ടി.എ കുഞ്ഞുമുഹമ്മദ്, വയനാട് വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിച്ച അപേക്ഷ.

സൂചന കത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിൽ ലഭ്യമായത് സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് അപേക്ഷകന് നൽകുന്നതിനായി കത്ത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അപേക്ഷകന്റെ മേൽവിലാസം ചുവടെ ചേർക്കുന്നു.

ശ്രീ. ടി. എ കുഞ്ഞു മുഹമ്മദ്
തോട്ടുകര വീട്, ചെതലയം പി.ഒ.,
ബത്തേരി, വയനാട്.

F
RTI
19/6/17

വിശ്വസ്തതയോടെ,

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഓർഫനേജ് കൺട്രോൾ ബോർഡ്.

KS

**ബഹുമാനപ്പെട്ട കേരള സംസ്ഥാന ചീഫ് സെക്രട്ടറി , അവറുകളുടെ മുമ്പാകെ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി മുനിസിപ്പൽ ഒന്നാം ഡിവിഷനിൽ ചെതലയം എന്ന ഗ്രാമത്തിൽ നിന്ന് കൂലിപണിക്കാരനും സാമൂഹ്യ പ്രവർത്തകനുമായ ടി.എ കുഞ്ഞുമുഹമ്മദ് തോട്ടക്കര വിവരാവകാശ നിയമം 2005 പ്രകാരം ബോധിപ്പിക്കുന്ന അപേക്ഷ.**

സർ, വിവരാവകാശം 2005 പ്രകാരം അപേക്ഷിക്കുന്നത്. കേരളത്തിലേക്ക് മറ്റ് സംസ്ഥാനത്തു നിന്ന് അനാഥകളായ പാവപ്പെട്ട കുട്ടികളെ വിദ്യാഭ്യാസത്തിനുവേണ്ടി ഏതെങ്കിലും സമുദായമോ, സംഘടനകളോ കൊണ്ടുവരുന്നുണ്ടോ? വരുന്നുണ്ടെങ്കിൽ ഇവർക്ക് ഗവൺമെന്റ് വല്ലസഹായവും നൽകുന്നുണ്ടോ? ഏതെല്ലാം സംഘടനകളും സമുദായങ്ങളുമാണ് കൊണ്ടുവരുന്നത്.2000 മുതൽ 2016 വരെ എത്ര കുട്ടികളെ കൊണ്ടുവന്നു . ഇതിൽ എത്ര കുട്ടികൾ തിരിച്ചു പോയി. ആൺകുട്ടകൾ എത്ര, പെൺകുട്ടികളെത്ര. ഇതിൽ ഏതെങ്കിലും കുട്ടികളെ ഉപരിപഠനത്തിന് വിദേശ നാട്ടിലേയ്ക്ക് വന്നിട്ടുണ്ടോ?ഉണ്ടെങ്കിൽ ആണ്, പെണ്ണ് എത്ര . ഈ കുട്ടികളെ കൊണ്ട് വരുന്ന സമുദായത്തിനോ , സംഘടനകൾക്കോ വിദേശ സഹായം വല്ലതും കിട്ടുന്നുണ്ടോ. ഇവർക്ക് ഗവൺമെന്റിന്റെ ധനസഹായം വല്ലതും നൽകുന്നുണ്ടെങ്കിൽ ഈ 16 വർഷം എത്ര ധനസഹായം നൽകി . എന്നീ കാര്യങ്ങളുടെ വിശദമായ ഒരു പകർപ്പ് എനിക്ക് സൗജന്യമായി തപാലിൽ അയച്ചുതരുവാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു. ഞാൻ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവനാണ് എന്ന തെളിവിലേക്ക് എന്റെ റേഷൻകാർഡിന്റെ കോപ്പിയും ഇതിനോടൊപ്പം ഹാജരാക്കുന്നു.

എന്ന്,

ടി.എ. കുഞ്ഞിമുഹമ്മദ്
തോട്ടുകര വീട്
സാമൂഹ്യപ്രവർത്തകൻ
ചെതലയം (പി.ഒ)
ബത്തേരി (വഴി)
വയനാട് ജില്ല
കേരള
ഫോൺ.9645238180